# Desabhimani
# 16 July 2018
# Kerala; Alert for Resist Epidemics

## പകർച്ചവ്യാധി തടയാൻ ജാഗ്രത വേണം

കാലവർഷം തിമിർത്തു പെയ്യുകയാണ്. വ്യാപക നാശനഷ്ടങ്ങളുടെ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. കൃഷിക്കാരും മത്സ്യത്തൊഴിലാളികളും സാധാരണ ജനങ്ങൾ ആകെയും മഴക്കെടുതികൾമൂലം കഷ്ടപ്പെടുകയാണ്. സർക്കാർ ജനങ്ങളുടെ ദുരിതം ലഘൂകരിക്കാനും സഹായമെത്തിക്കാനും ഇടപെടൽ നടത്തുന്നുണ്ട്. എന്നാൽ, സർക്കാരുകൾക്ക് ചെയ്യാവുന്നതിൽ പരിധിക്കപ്പുറത്തുള്ള സേവനവും ജാഗ്രതയും കാലവർഷക്കെടുതി നേരിടുന്നതിന് വേണ്ടതുണ്ട്. മഴക്കാലം പകർച്ചവ്യാധികളുടെ കാലംകൂടിയാണ്. വിവിധ തരം പനിയും ഇതര പകർച്ചവ്യാധികളും സംസ്ഥാനത്തിലെ എല്ലാഭാഗത്തും റിപ്പോർട്ട് ചെയ്യുന്നുണ്ട്. നിപാ വൈറസ് ബാധയെ പ്രതിരോധിച്ച ഐതിഹാസിക അനുഭവമുള്ള സംസ്ഥാന ആരോഗ്യവകുപ്പ് പകർച്ചവ്യാധികൾക്കെതിരെ വലിയതോതിലുള്ള ജാഗ്രത പാലിക്കുന്നുണ്ട്. അതിനുമപ്പുറം ജനങ്ങളുടെ പൊതുവായ ഇടപെടൽ ഇക്കാര്യത്തിൽ അനിവാര്യമാകുന്ന ഘട്ടമാണിത്.

ചികിത്സക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നതിനൊപ്പം വീടും പരിസരവും വൃത്തിയാക്കുക, പകർച്ചവ്യാധികൾ കൂടുതൽ ആളുകളിലേക്ക് പകരാതിരിക്കാനുള്ള പ്രതിരോധ മാർഗം സ്വീകരിക്കുക എന്നിവ ഓരോ പൗരന്റെയും ഉത്തരവാദിത്തമായി മാറുന്ന ഘട്ടമാണിത്. പരിസര ശുചീകരണത്തിനും വ്യക്തിശുചിത്വത്തിനും ഓരോരുത്തരും പ്രാധാന്യം നൽകേണ്ടതുണ്ട്. കുടിക്കുന്ന വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും രോഗം പടരാമെന്ന വസ്തുത കണക്കിലെടുത്ത് കർക്കശമായ ശുചിത്വപാലനം ഉറപ്പാക്കേണ്ടതുണ്ട്. കൊതുകുനിവാരണം എന്നാൽ സ്വന്തം ശരീരത്തിൽ കൊതുകുകടി ഏൽക്കാതിരിക്കാനുള്ള മുൻകരുതൽമാത്രമല്ല; കൊതുകുനിവാരണംതന്നെയാകണമത്. വെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യം ഒഴിവാക്കുക പ്രധാനമാണ്. മഴക്കാലരോഗങ്ങൾ ബാധിച്ചാൽ നിസ്സാരമായി തള്ളിക്കളയാതെ ആശുപത്രിയെ സമീപിക്കുക, ശാസ്ത്രീയ ചികിത്സാമാർഗം തേടുക എന്നതും ശ്രദ്ധിക്കേണ്ടതാണ്.